**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.02.2026**

## പ്രധാനവാർത്തകൾ

1. **വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെൻ്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.**
2. **സഭയിലെ മോശം പെരുമാറ്റത്തിന് ഹൈബി ഈഡനും, ഡീൻ കുര്യാക്കോസുമടക്കം എട്ട് പ്രതിപക്ഷ എംപിമാർക്ക് സസ്പെൻഷൻ. രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ച പുരോഗമിക്കുന്നു.**
3. **ശബരിമല വിഷയത്തിൽ നിയമസഭ ഇന്നും പ്രക്ഷുബ്ധം. പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചു.**
4. **പ്രശസ്ത സംഗീത സംവിധായകൻ S.P വെങ്കിടേഷ് അന്തരിച്ചു. അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.**
5. **ഇന്ത്യൻ വ്യോമസോംഗങ്ങൾ കന്യാകുമാരി മുതൽ കാർഗിൽ വരെ നടത്തുന്ന കെ-2-കെ സൈക്കിൾ റാലിക്ക് ആക്കുളം ദക്ഷിണ വ്യോമസേനാ കേന്ദ്രത്തിൽ തുടക്കമായി.**
6. **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ പോരാട്ടത്തിൽ അസമിനെ തകർത്ത് കേരളം സെമിയിൽ പ്രവേശിച്ചു.**

RNUTVPM

********************************

## <u>പാർലമെൻറ്</u>

വിവിധ വിഷയങ്ങൾ ഉന്നയിച്ച് ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ഒന്നിലേറെ തവണ നിർത്തിവച്ച് നടപടികൾ പുനരാരംഭിച്ചെങ്കിലും, ബഹളം തുടർന്ന സാഹചര്യത്തിൽ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ചയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പങ്കെടുത്ത് സംസാരിച്ചു തുടങ്ങിയെങ്കിലും ഭരണപക്ഷത്ത് നിന്ന് എതിർപ്പുകൾ വന്നതോടെ സഭ പ്രക്ഷുബ്ധമായി. തുടർന്ന് സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. സഭയിലെ മോശം പെരുമാറ്റത്തിന് ഹൈബി ഈഡനും, ഡീൻ കുര്യാക്കോസുമടക്കം എട്ട് പ്രതിപക്ഷ എംപിമാരെ ലോക്സഭയിൽ നിന്നും സസ്പെൻഡ് ചെയ്തു. ബജറ്റ് സമ്മേളനത്തിൻറെ അവശേഷിക്കുന്ന കാലയളവിലുടനീളം സസ്പെൻഷൻ ബാധകമായിരിക്കും. രാജ്യസഭയിൽ നന്ദി പ്രമേയ ചർച്ചകൾ പുരോഗമിക്കുകയാണ്.

*******************************************

## <u>നിയമസഭ (ഇൻട്രോ)</u>

RNUTVPM

ശബരിമല പ്രശ്നത്തിന്റെ പേരിൽ അതിശക്തമായ പ്രതിഷേധങ്ങൾക്കും പ്രക്ഷുബ്ധ രംഗങ്ങൾക്കുമാണ് നിയമസഭ ഇന്ന് സാക്ഷ്യം വഹിച്ചത്. ബജറ്റ് ചർച്ചകളും സഭയിൽ ഇന്ന് നടന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്ന് ഉച്ചയോടെ പിരിഞ്ഞ സഭ നാളെ വീണ്ടും സമ്മേളിക്കും.

********************************

## പരീക്ഷ പേ ചർച്ച

വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി കാണാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദമില്ലാതെ പരീക്ഷകളെ നേരിടേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ഓർമിപ്പിച്ചു.

********************************

## പിയുഷ് ഗോയൽ

ഇന്ത്യ യുഎസ് വ്യാപാര കരാർ മാസങ്ങൾ നീണ്ട ചർച്ചകളുടെ പരിണാമമാണെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ. മറ്റ് രാജ്യങ്ങൾക്ക് ലഭിച്ചതിനേക്കാൾ മികച്ച കരാർ ഇന്ത്യക്ക് ലഭിച്ചത് പ്രധാനമന്ത്രി നരേന്ദ്രമോദിയും അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിലുള്ള സൗഹൃദം കാരണമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNUTVPM

********************************

## മെറ്റ- സുപ്രീം കോടതി

ഡാറ്റ പങ്കിടലിൻറെ പേരിൽ മെറ്റ ഉൾപ്പെടെയുള്ള ടെക് ഭീമന്മാർക്ക് പൗരന്മാരുടെ സ്വകാര്യതയിൽ കൈകടത്താൻ അവകാശമില്ലെന്ന് സുപ്രീം കോടതി. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയ 213 കോടി രൂപ പിഴക്കെതിരെ മെറ്റയും വാട്ട്സ്ആപ്പും സമർപ്പിച്ച അപ്പീലുകൾ പരിഗണിക്കുകയായിരുന്നു കോടതി.

********************************

## SP വെങ്കടേഷ് അന്തരിച്ചു

പ്രശസ്ത സംഗീത സംവിധായകൻ S.P വെങ്കടേഷ് അന്തരിച്ചു. 70 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലെ വസതിയിലായിരുന്നു അന്ത്യം. 1986 ൽ രാജാവിൻറെ മകൻ എന്ന ചിത്രത്തിന് സംഗീതം നൽകി മലയാളത്തിൽ അരങ്ങേറ്റം കുറിച്ച അദ്ദേഹം ധ്രുവം, കിലുക്കം, മിന്നാരം, വാത്സല്യം, കാബൂളിവാല, തുടങ്ങി 150-ഓളം മലയാള ചിത്രങ്ങൾക്ക് സംഗീതം നൽകി. സംഗീത സംവിധാനത്തിന് സംസ്ഥാന സർക്കാരിൻറെ പുരസ്കാരമടക്കം ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ സാമൂഹിക, സാംസ്കാരിക മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. എസ് പി വെങ്കടേഷിന്റെ നിര്യാണം സാംസ്കാരിക കേരളത്തിന് തീരാനഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

********************************

## അന്തിമ വോട്ടർ പട്ടിക

സംസ്ഥാനത്ത് SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

********************************

RNU TVPM

## ലക്ഷദ്വിപ് - SIR

ലക്ഷദ്വിപിൽ SIR പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുടെ പ്രത്യേക യോഗം ചേർന്നു. കവരത്തി സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ തിരഞ്ഞെടുപ്പ് നിരീക്ഷകൻ സോമ ശേഖര അധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ രാഷട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുത്തു .

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

********************************

## കെ-2-കെ

അഖണ്ഡത, കായിക ക്ഷമത, സാഹസികത തുടങ്ങിയ സന്ദേശങ്ങളുമായി കന്യാകുമാരി മുതൽ കാർഗിൽ വരെ ഇന്ത്യൻ വ്യോമസോംഗങ്ങൾ നടത്തുന്ന കെ-2-കെ സൈക്കിൾ റാലി ഇന്ന് ആക്കുളം ദക്ഷിണ വ്യോമസേനാ കേന്ദ്രത്തിൽ നിന്നാരംഭിച്ചു. ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ മനീഷ് ഖന്ന യാത്ര ഫ്ലാഗ് ഓഫ് ചെയ്തു . ഗ്രൂപ്പ് ക്യാപ്ടൻ ചന്ദ്രശേഖറുടെ നേതൃത്വത്തിൽ രാജ്യത്തെ വിവിധ വ്യോമസേനാ കേന്ദ്രങ്ങളിൽ നിന്നായി, പന്ത്രണ്ട് സേനാംഗങ്ങളാണ് 4,535 കിലോമീറ്റർ നീളുന്ന യാത്രയിൽ പങ്കെടുക്കുന്നത്. ഒക്ടോബർ 22-ന് കശ്മീരിലെ കാർഗിൽ യുദ്ധ സ്മാരകത്തിൽ യാത്ര സമാപിക്കും.

********************************

RNU TVPM

## സോഷ്യൽ മീഡിയ -വി ശിവൻകുട്ടി

കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന സോഷ്യൽ മീഡിയ അഡിക്ഷൻ സംബന്ധിച്ച് ഗൗരവകരമായ ചർച്ച ആവശ്യമാണെന്ന് മന്ത്രി വി ശിവൻകുട്ടി. നിയന്ത്രണങ്ങൾ എങ്ങനെയാകണം എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കും അഭിപ്രായം അറിയിക്കാമെന്ന് മന്ത്രി നിർദേശിച്ചു. ഇന്റർനെറ്റ് സാക്ഷരതയിലും മൊബൈൽ ഉപയോഗത്തിലും മുൻപന്തിയിലുള്ള കേരളത്തിൽ ഇത്തരം ചർച്ചകൾക്ക് ഏറെ പ്രസക്തിയുണ്ട്. ഇന്റർനെറ്റ് ഉപയോഗം പൂർണ്ണമായും തടയുക എന്നതല്ല സർക്കാർ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

*******************************

## എൻ.സി.സി-അനുമോദനം

ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ .സി.സി കേഡറ്റുകൾക്കുള്ള അനുമോദന ചടങ്ങ് പാങ്ങോട് മിലിറ്ററി സ്റ്റേഷനിൽ നാളെ നടക്കും. മന്ത്രി ആർ. ബിന്ദു എൻ.സി.സി. കേഡറ്റുകളെ അനുമോദിക്കും.കേരള-ലക്ഷദ്വീപ് എൻ.സി.സി എ.ഡി.ജി മേജർ ജനറൽ രമേശ് ഷണ്മുഖം, മറ്റ് സൈനിക ഉദ്യോഗസ്ഥർ, തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും..

*******************************

## ആയുർവേദ കേന്ദ്രം -കണ്ണൂർ (ഇൻട്രോ )

കണ്ണൂർ ജില്ലയിലെ കല്യാട്ട് ആരംഭിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി. ഉദ്ഘാടനം ഈ മാസം 20ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

RIUTVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

*******************************

## ആറ്റുകാൽ

ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെ നടത്തുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവം പരാതികളില്ലാതെ കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുമെന്ന് ദേവസ്വം മന്ത്രി വി.എൻ വാസവൻ. പൊങ്കാലയോടനുബന്ധിച്ച് നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിയുന്നത്ര വനിതാ പോലീസ്, ഫയർഫോഴ്സ്, എക്സൈസ് ഉദ്യോഗസ്ഥരെ പൊങ്കാല മഹോത്സവത്തിന് നിയോഗിക്കണമെന്നും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ മുഴുവൻ സമയ കൺട്രോൾ റൂം ക്ഷേത്ര പരിസരത്ത് പ്രവർത്തിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

RNU TVPM

*******************************

## സന്തോഷ് ട്രോഫി ഫുട്ബോൾ (ഇൻട്രോ)

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിയിൽ പ്രവേശിച്ച് കേരളം. ക്വാർട്ടറിൽ അസമിനെ മൂന്നു ഗോളിന് തകർത്താണ് കേരളത്തിൻറെ കുതിപ്പ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു ചേരുന്നു......**

**(വോയ്സ്)**

വാശിയേറിയ മറ്റൊരു ക്വാർട്ടർ പോരാട്ടത്തിലെ പെനാൽട്ടി ഷൂട്ടൗട്ടിൽ സർവ്വീസസിനോട് പരാജയപ്പെട്ട് നിലവിലെ ചാമ്പ്യന്മാരായ പശ്ചിമ ബംഗാൾ പുറത്തായി. റെയിൽവെയാണ് സെമിയിൽ സർവീസസിന്റെ എതിരാളികൾ

***********************************************************************************

**********************************************

RNU TVPM